	97-98	98-99
ഗ്രാമപഞ്ചായത്ത്	374	66
ബ്ലോക്ക് പഞ്ചായത്ത്	79	18
ജില്ലാ പഞ്ചായത്ത്	4	1
മുനിസിപ്പാലിറ്റി	3	–

(ഇ) തിരുവനന്തപുരം കോർപ്പറേഷന്റെ കണക്കുകൾ പരിശോധിക്കുവാൻ ഹൈക്കോടതി അക്കൗണ്ടന്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു കൗൺസിലർ ഫയൽ ചെയ്ത 993/99 നമ്പർ റിട്ട് അപ്പീലിന്റെ വിധിന്യായത്തിലാണ് കോർപ്പറേഷന്റെ കണക്കുകൾ പരിശോധിക്കാൻ അക്കൗണ്ടന്റ് ജനറലിനോട് ഹൈക്കോടതി നിർദ്ദേശിച്ചത്. പരിശോധന ഇതുവരെ പൂർത്തിയായിട്ടില്ല.

17 (*437) അളവുകളും തൂക്കവും സംബന്ധിച്ച നിയമങ്ങൾ

ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അളവുകളും തൂക്കവും സംബന്ധിച്ച് നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) അളവുകളും തൂക്കവും സംബന്ധിച്ച നിയമങ്ങൾ പാലിക്കുന്നുണ്ടെന്നുറപ്പാക്കാൻ പരിശോധന നടത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) എങ്കിൽ പരിശോധന വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് പാക്കേജ് കമ്മോഡിറ്റീസ് നിയമം ലംഘിക്കപ്പെടുന്നതായി സർക്കാരിന് അറിവുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് അളവുകളും തൂക്കവും സംബന്ധിച്ച നിയമങ്ങൾ ലംഘിക്കുന്ന കേസ്സുകളിൽ പിഴ ഈടാക്കിയ ഇനങ്ങളിൽ നടപ്പു സാമ്പത്തിക വർഷം എന്തു തുക ലഭിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ലീഗൽ മെട്രോളജിവകുപ്പ് പ്രവർത്തിച്ചുവരുന്നുണ്ടോ;

(എച്ച്) ജില്ലാ ആസ്ഥാനങ്ങളിലെ ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഐ) സംസ്ഥാനത്തെ പെട്രോൾ പമ്പുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പരിശോധന കാര്യക്ഷമമാക്കുന്നതിന് വകുപ്പു എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) സംസ്ഥാനത്ത് അളവുകളും തൂക്കങ്ങളും നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ അതാതു പ്രദേശങ്ങളിലെ ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ മൂന്നു മേഖലകളിലായി രൂപീകരിച്ചിട്ടുള്ള ഫ്ളയിംഗ് സ്ക്വാഡും മിന്നൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) പരിശോധന വ്യാപിപ്പിക്കുന്നതിനു വേണ്ടി പുതുതായി രണ്ട് ഫ്ളയിംഗ് സ്ക്വാഡുകൾ കൂടി രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. (ഈ സാമ്പത്തിക വർഷം ജനുവരി വരെ പാക്കേജ് കമ്മോഡിറ്റീസ് റൂൾസ് ലംഘനത്തിനെതിരെ 2104 കേസ്സുകൾ എടുത്തിട്ടുണ്ട്. 39 കേസ്സുകൾ ഇപ്പോൾ കോടതിയിൽ നിലവിലുണ്ട്.

(ഇ)&(എഫ്) അളവു തൂക്കനിയമങ്ങൾ ലംഘിച്ചവർക്കെതിരെ നടപ്പു സാമ്പത്തിക വർഷത്തിൽ ജനുവരി മാസം വരെ 11,422 കേസ്സുകൾ പിടിക്കുകയും രാജി ഫീസിനത്തിൽ 42,46,750/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് ഒരു പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു. നിർദ്ദേശങ്ങൾ നടപ്പാക്കുമ്പോൾ ഇക്കാര്യവും പരിഗണിക്കുന്നതാണ്.

(ഐ) പെട്രോൾ പമ്പുകളുൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ പരിശോധന കാര്യക്ഷമമാക്കുന്നതിന് എല്ലാ മാസവും ഡെപ്യൂട്ടി കൺട്രോളർ/അസിസ്റ്റന്റ് കൺട്രോളർ, ഫ്ളയിംഗ് സ്ക്വാഡ്, അസിസ്റ്റന്റ് കൺട്രോളർ എന്നിവർ മിന്നൽ പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. ഡെപ്യൂട്ടി കൺട്രോളർ/അസിസ്റ്റന്റ് കൺട്രോളർമാർ മാസത്തിൽ 20 പമ്പുകൾ വീതമെങ്കിലും പരിശോധിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

18 (*438) കെൽപ്പാമിന്റെ വികസനം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പനകയറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള കെൽപ്പാം എന്ന സ്ഥാപനത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) കെൽപ്പാമിനുകീഴിൽ ശീതളപാനീയങ്ങൾ നിർമ്മിക്കുന്ന എത്ര യൂണിറ്റുകളും വിപണനത്തിനായി എത്ര സ്റ്റാളുകളും ഇപ്പോൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly